(എഫ്) നിയമനം നൽകിയവരുടെ പേര് വിവരം വ്യക്തമാക്കുമോ ;

(ജി) നിയമനങ്ങളിൽ സംവരണ തത്വം പാലിച്ചിട്ടുണ്ടോ ;

(എച്ച്) ഇല്ലെങ്കിൽ സംവരണതത്വം പാലിക്കുമോ ?

ഉത്തരം

(എ) ഗവ: സെക്രട്ടേറിയറ്റിൽ, ഇൻഫർമേഷൻ ടെക്നോളജി വകുപ്പിൽ സെക്രട്ടേറിയറ്റ് ജീവനക്കാരിൽ നിന്നല്ലാതെ പുറമെ നിന്നും ആരെയും നേരിട്ട് നിയമിച്ചിട്ടില്ല.

(ബി-എച്ച്) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

താൽക്കാലിക നിയമനം ലഭിച്ച വികലാംഗരുടെ സ്ഥിരനിയമനം

51 (51) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി വർഷത്തിൽ താൽക്കാലികമായി സർക്കാർ സർവ്വീസിൽ ജോലിനോക്കിയിരുന്ന വികലാംഗരായ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ആനുകൂല്യം സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്തിരുന്ന ജീവനക്കാർക്കു കൂടി അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇത്തരത്തിൽ എത്ര ജീവനക്കാർക്ക് നിയമനം നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കാമോ ;

(സി) ചില പൊതുമേഖലാ സ്ഥാപനങ്ങൾ ഇത്തരത്തിൽ പുനർനിയമനം/സ്ഥിരപ്പെടുത്തൽ നൽകാൻ വിസമ്മതിക്കുന്നു എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) കെൽട്രോണിന്റെ കണ്ണൂർ ശാഖയിൽ ഇത്തരത്തിൽ നിയമനം നൽകുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. അനുവദിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സ്റ്റാഫ് നേഴ്സ് തസ്തികയിലേക്കുള്ള നിയമനം

52 (52) ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ആരോഗ്യ വകുപ്പിൽ ഇടുക്കി ജില്ലയിൽ ഒഴിവുള്ള സ്റ്റാഫ് നേഴ്സ് തസ്തികയിലേയ്ക്ക് നിയമിക്കപ്പെടുന്നതിനുവേണ്ടി 17-9-1999-ൽ പ്രസിദ്ധീകരിച്ച പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്ന് എത്രപേർക്ക് അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ട് ;

(ബി) അഡ്വൈസ് മെമ്മോ അയച്ചവരിൽ ഈഴവ സമുദായത്തിൽപ്പെട്ട എത്രപേർ ഉണ്ട് ; അവരുടെ റാങ്ക് നമ്പരും പേരും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 24 പേർക്ക് അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ട്.

(ബി) ഈഴവ സമുദായത്തിൽപ്പെട്ടവർ ഇല്ല.

പാർട്ട്ടൈം ജീവനക്കാരുടെ ആനുകൂല്യങ്ങൾ

53 (53) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റ് സർവ്വീസിലെ പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാർക്ക് പ്രൊവിഡന്റ് ഫണ്ട്, മെഡിക്കൽ റീം-ഇംപേഴ്സ്മെന്റ് തുടങ്ങിയ ആനുകൂല്യങ്ങൾ ഇപ്പോൾ നൽകുന്നുണ്ടോ ; എങ്കിൽ എന്നുമുതലാണ് ഈ ആനുകൂല്യങ്ങൾ നൽകാൻ തീരുമാനിച്ചതെന്ന് വ്യക്തമാക്കാമോ ; ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവ് ലഭ്യമാക്കാമോ ;

(ബി) ഈ ആനുകൂല്യങ്ങൾ ഇപ്പോൾ ലഭ്യമല്ലെങ്കിൽ ഇവ നൽകാനുള്ള നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) സർക്കാർ സർവ്വീസിലെ പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് ചട്ടങ്ങളുടെ കരട് രൂപം നിയമവകുപ്പിന്റെ പരിശോധനയ്ക്കായി അയച്ചിരിക്കുകയാണ്. അനന്തര നടപടികൾക്ക് ശേഷം ഉത്തരവായതിനുശേഷമേ ഇത് പ്രാവർത്തികമാക്കുവാൻ സാധിക്കുകയുള്ളു. ഇത് സംബന്ധിച്ച ഉത്തരവ് ആയിട്ടില്ല. സർക്കാർ സർവ്വീസിലെ പാർട്ട്-ടൈം ജീവനക്കാർക്ക് മെഡിക്കൽ റീം-ഇംപേഴ്സ്മെന്റ് ആനകൂല്യം സംബന്ധിച്ച ഉത്തരവുകളൊന്നും ഇപ്പോൾ നിലവിലില്ല.

സസ്പെന്റ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥർ

54 (54) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1997, 1998, 1999 എന്നീ വർഷങ്ങളിൽ അഴിമതിക്കേസുകളുമായി ബന്ധപ്പെട്ട് എത്ര സർക്കാർ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly